(12) തിരുവനന്തപുരം ചെഷയർ ഹോമിൽ നടക്കുന്ന ക്രമക്കേടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : തിരുവനന്തപുരം ചെഷയർ ഹോമിന്റെ പ്രവർത്തനങ്ങളെപ്പറ്റി വ്യാപകമായ പരാതികൾ വരികയാണ്. ചെഷയർ ഹോം ചെയർമാനായിരുന്ന റവ.ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയസ്സിന്റെ നിര്യാണാനന്തരം അന്തേവാസികളും വികലാംഗരുമായിട്ടുള്ളവർക്ക് നേരെ പീഡന പരമ്പര തുടരുകയാണ്. ധനികർ ലക്ഷങ്ങൾ സംഭാവന നൽകി ചെഷയർ ഹോമിൽ വന്നു താമസിക്കാൻ തുടങ്ങിയതോടെ ദരിദ്രരായ അന്തേവാസികളെ ഗുണ്ടകളെ ഉപയോഗിച്ചു മർദ്ദനമുറകൾക്ക് വിധേയരാക്കി പുറത്താക്കുന്നു. 1997 മെയ് 9-ാം തീയതി എണീറ്റുനിൽക്കാൻപോലും ത്രാണിയില്ലാത്ത ആറുപേരെ വലിച്ചെണീപ്പിച്ച് ജിപ്പിൽ എറിഞ്ഞ് കൊണ്ടുപോകുകയും ഇവരെ പലയിടങ്ങളിലും ഉപേക്ഷിക്കുകയും ചെയ്ത കിരാതമായ സംഭവം ഉണ്ടായി. പത്രങ്ങളെല്ലാം ഇതിന് വലിയ പ്രചാരം കൊടുത്തു. അവരിൽ ചിലരെ പിന്നെ മാർത്താണ്ഡം ചെഷയർ ഹോം സ്വീകരിക്കുകയുണ്ടായി. 'വിശപ്പിനോട് വിട' എന്ന പേരിൽ ആശുപത്രികളിൽ രോഗികളെ സഹായിക്കാൻ ഒരു പദ്ധതി തുടങ്ങി, വലിയ പ്രശസ്തി അതിന്റെ ഭാരവാഹികൾക്ക് കിട്ടിയെങ്കിലും അത് ഇപ്പോൾ നിന്നുപോയിരിക്കുകയാണ്. സ്വദേശത്തും വിദേശത്തും വമ്പിച്ച ധനസമാഹരണം നടത്തി, ഒരു കണക്കും അതിനെ സംബന്ധിച്ച് ഇല്ല. പാവപ്പെട്ട വികലാംഗർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ചെഷയർ ഹോമിൽ ഇന്നു നടന്നുവരുന്ന വളരെ ക്രൂരമായ പീഡനമുറകളുടെ പരിണതഫലമായി നാലുപേർ മരിച്ചതായും 23 വികലാംഗരായ അന്തേവാസികളെ പുറത്താക്കിയതായും ആരോപണമുണ്ട്. ഇത് അടിയന്തിരമായി അന്വേഷണ വിധേയമാക്കുകയും കുറ്റക്കാരെന്ന് തെളിയുന്നവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ചെഷയർ ഹോമിന്റെ പ്രവർത്തനം ആരംഭിച്ചത് 23.4.78-ൽ ആണ്. ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് കൺട്രോൾ ബോർഡിന്റെ സഹായത്തോടുകൂടിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഏറ്റവും അവസാനമായി 4.12.92 മുതൽ ഏഴുവർഷക്കാലയളവിലേയ്ക്കായിരുന്നു അംഗീകാരം നൽകിയത്. 2.5.97-ൽ അഞ്ച് അന്തേവാസികൾ ചെഷയർ ഹോം സെക്രട്ടറിയ്ക്ക് ആവശ്യങ്ങൾ അടങ്ങുന്ന ഒരു നിവേദനം സമർപ്പിച്ചു. ഇതിനെപ്പറ്റി ചർച്ചചെയ്യാൻ 7.5.97-ൽ ഹോമിന്റെ മാനേജിംഗ് കമ്മിറ്റി കൂടിയതായും ആ യോഗം പരാതിക്കാരായ അഞ്ചുപേരടക്കം ആറുപേരെ ഹോമിൽനിന്ന് പുറത്താക്കാൻ തീരുമാനിച്ചതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത യോഗത്തിൽ മാനേജിംഗ് കമ്മിറ്റിയിലെ അഞ്ചുപേർ ഹാജരുണ്ടായിരുന്നതായി മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നു എങ്കിലും സെക്രട്ടറിയും പ്രസിഡന്റും ഒഴികെ മറ്റാരും ഒപ്പുവച്ചിരുന്നില്ല എന്നും വകുപ്പിലെ അന്വേഷണത്തിൽനിന്ന് അറിയാൻ കഴിഞ്ഞു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചട്ടങ്ങൾപ്രകാരം ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ഹോമുകളിൽനിന്നും അന്തേവാസികളെ വിടുതൽ ചെയ്യുന്നതിന് മതിയായ കാരണം ഉണ്ടായിരിക്കേണ്ടതും അങ്ങനെ വിടുതൽ ചെയ്യുന്ന വിവരം കൺട്രോൾ ബോർഡിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇക്കാര്യത്തിൽ അപ്രകാരം ഒന്നും ചെയ്തിട്ടില്ല. മാത്രമല്ല അന്തേവാസികളെ പുറത്താക്കാൻ തീരുമാനിച്ച് 7.5.97-ലെ മാനേജിംഗ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൽ പുറത്താക്കലിനെ ന്യായീകരിക്കുന്ന യാതൊരു കാര്യങ്ങളും രേഖപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly

തായും കാണുന്നില്ല. ചെഷയർ ഹോമിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് 'വിശപ്പിനോട് വിട' എന്ന പദ്ധതി 1995-ൽ ആരംഭിച്ചത് എന്ന് പറയപ്പെടുന്നു. സർക്കാർ ആശുപത്രികളിൽ നിർദ്ധനരായ രോഗികൾക്കും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മഹിളാമന്ദിരം, ആശാഭവൻ, എന്നിവിടങ്ങളിലെ അന്തേവാസികൾക്കും സൗജന്യ ഭക്ഷണം നൽകുകയെന്നായിരുന്നു ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. മാധ്യമങ്ങളിലൂടെ പരസ്യം ചെയ്ത് വിദേശത്തുനിന്നും സ്വദേശത്തുനിന്നും ഈ പദ്ധതിക്ക് സാമ്പത്തികസഹായം സ്വീകരിച്ചിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 80-ജി.യുടെ സൗജന്യം ലഭിക്കുമെന്ന് കാണിച്ചാണ് സംഭാവനകൾ സ്വീകരിച്ചത്. എവിടെനിന്ന് എത്രവീതം സംഭാവനകൾ സ്വീകരിച്ചു എന്നോ എത്രത്തോളം ചെലവാക്കിയെന്നോ ഉള്ള കാര്യങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണങ്ങൾ നടന്നിട്ടില്ല, സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വ്യവസ്ഥ ചെയ്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്ന് അതിന്റെ പ്രവർത്തനം ബഹുദൂരം വ്യതിചലിച്ചിരിക്കുകയാണ്. അതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അവിടെ നടന്നതായി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളതുമായ കാര്യങ്ങളെക്കുറിച്ചും വിശദമായ ഒരു അന്വേഷണം നടത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്.

(13) വനിതാ വികസന കോർപ്പറേഷൻ വഴിയുള്ള വായ്പാവിതരണത്തിലെ ക്രമക്കേടുകൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ വനിതാ വികസന കോർപ്പറേഷൻ സ്ത്രീകളുടെ പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനായി രൂപംകൊണ്ടതാണ്. എന്നാൽ 94-95, 95-96, എന്നീ വർഷങ്ങളിൽ സ്ത്രീകൾക്ക് വായ്പ നൽകാതെ 372 പുരുഷന്മാർക്കാണ് വായ്പ നൽകിയത്. ഈവർഷങ്ങളിൽ മൂന്നു കോടി പതിമൂന്നു ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയാറു രൂപ വായ്പ നൽകിയതിൽ രണ്ടു കോടി ഒരു ലക്ഷത്തി നാൽപ്പത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയൊമ്പത് രൂപ പുരുഷന്മാർക്കാണ് നൽകിയത്. ഈ പണം തിരിച്ചുപിടിക്കാൻ പോലും സാധിക്കുന്നില്ല എന്നാണ് അറിയുന്നത്. പലരും ജീവിച്ചിരിപ്പില്ല, ജീവിച്ചിരിക്കുന്നവരുടെ യഥാർത്ഥ അഡ്രസ്സും ലഭ്യമല്ല. വായ്പ തിരിച്ചടയ്ക്കാത്തവരെ അത് അടയ്ക്കണമെന്ന വിവരം അറിയിക്കാനായി അയയ്ക്കുന്ന കത്തുകൾ അതേ സ്പീഡിൽത്തന്നെ തിരിച്ചുവരുന്നു. ഏറ്റവും വലിയ അഴിമതിയാണ് ഈ രംഗത്ത് നടന്നിരിക്കുന്നത്. ഇത് സംബന്ധിച്ച അന്വേഷണങ്ങളും നടപടികളും ബോധപൂർവ്വം വൈകിക്കുന്നതായുള്ള ആക്ഷേപവും നിലനിൽക്കുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട ഈ കോർപ്പറേഷൻ അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും കേന്ദ്രമാക്കി മാറ്റിയവരെ സംബന്ധിച്ച് അന്വേഷിച്ച് അനർഹമായി നൽകിയ വായ്പ തിരിച്ചുപിടിക്കുന്നതിനും ഇതിന് കൂട്ടുനിന്നവർക്ക് എതിരേ നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വനിതാ വികസനകോർപ്പറേഷൻ സ്ത്രീകളുടെ സമഗ്രവികസനത്തിനുവേണ്ടി ഉണ്ടാക്കിയ ഒരു കോർപ്പറേഷനാണ്. എന്നാൽ 1994-1995, 1995-96 എന്നീ വർഷങ്ങളിൽ വനിതാവികസന കോർപ്പറേഷനിൽനിന്നും വായ്പ അനുവദിക്കുന്നതിൽ ചില ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെ

LIBRARY ARCHIVES Kerala Legislative Assembly